കേരള സർക്കാർ

# രാമമംഗലം ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി9)1485/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :11.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമമംഗലം ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി9)1485/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 11.09.2017

# എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 13.7.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 14.07.2017 മുതൽ 20.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റസിയ ബീവി ജെ.,ഓഡിറ്റ് ഓഫീസർ |
| | സി.എം. റഷീദ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വി.ആർ.ഷീല,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോഷി തോമസ്,ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ജെസ്സി ജോർജ് | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ജയന്തകുമാർ എ.പി. | 01.04.2016<br>18.5.2016AN<br>13.6.2016AN | 29.4.2016FN<br>27.5.2016FN<br>31.3.2017FN |
| | പ്രസാദ്.കെ.ആർ. (ഇൻ-ചാർജ്) | 29.4.2016AN<br>27.5.2016AN | 18.5.2016FN<br>13.6.2016FN |
| അസിസ്റ്റന്റ് സെക്രട്ടറി | പ്രസാദ് കെ.ആർ. | 01.4.2016 | 31.3.2017 |
| കൃഷി ഓഫീസർ | ഫിലിപ്പ് വർഗ്ഗീസ് | 1.04.2016 | 5.07.2016 |
| | ചാക്കോച്ചൻ(ഇൻ-ചാർജ്) | 6.07.2016 | 6.08.2016 |
| | അനുജ ജോർജ് | 7.08.2016 | 7.01.2017 |
| | മേരിമോൾ ജേക്കബ് | 8.01.2017 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) | ഡോ.കമൽജിത്ത് | 1.04.2016 | 31.10.16 |
| | ഡോ. ദീപ | 1.11.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സ്മിത എസ്. | 1.04.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സൂസൻ മത്തായി | 1.04.2016 | 23.6.2016FN |
| | ഡോ.അമൃത | 23.6.2016AN | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അഞ്ചു കൃഷ്ണ | 1.04.2016 | 12.12.16FN |
| | കൃഷ്ണശോഭ | 12.12.16AN | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (രാമമംഗലം) | പി.എസ്.അനിൽ | 1.04.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഊരമന) | എം.പി.അഭിലാഷ് | 1.04.2016 | 31.3.2017 |
| ഹെഡ് മാസ്റ്റർ GLPS | പി.സി.രവി | 1.04.2016 | 31.3.2017 |
| വെറ്ററിനറി സർജൻ | ഡോ.ബോബിപോൾ | 1.04.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ.കെ. സുധാകരൻ | 1.04.2016 | 30.4.2016 |
| | ധർമ കിർത്തി | 1.05.2016 | 10.7.2016 |
| | ദേവി | 11.7.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ | രാകേഷ് | 1.04.2016 | 31.3.2017 |

| | | | |
|---|---|---|---|
| ഓഫീസർ | ഗീതാജ്ഞലി | 1.04.2016 | 31.3.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക | 1-12 |
| | ഭാഗം - 2 | |
| 13 | എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-1 |
| 14 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 |
| 15 | വാടക, ലേലം രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. | 2-3 |
| 16 | ഷട്ടിൽ കോർട്ട് നടത്തിപ്പവകാശം - വിശദ വിവരം ലഭ്യമാക്കണം | 2-4 |
| 17 | പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് കാർ പാർക്കിംഗ് ഏരിയ പരിഗണിക്കുന്നില്ല. | 2-5 |
| | ഭാഗം - 3 | |
| 18 | ടെണ്ടർ അപാകത -26100രൂപ നഷ്ടം | 3-1 |
| 19 | ബില്ലിലെ അപാകത – നികുതിയിനത്തിൽ 1992 രൂപ അധികം നൽകി. | 3-2 |
| 20 | മാർഗ്ഗരേഖാ ലംഘനം - 198798/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 21 | തുക ഒടുക്കിയിട്ടും മരുന്ന് ലഭ്യമായിട്ടില്ല. | 3-4 |
| 22 | രേഖകൾ ലഭ്യമാക്കിയില്ല – 9200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 23 | വേതനം തിരിച്ചടച്ചവ് അപാകത | 3-6 |

| | | |
|---|---|---|
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല -318500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 |
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ – ഇ.എം.ഡി., ടെണ്ടർ ഫാറ വില പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 3-8 |
| | ഭാഗം - 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 36 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 37 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.2016 ലെ പഞ്ചായത്ത് 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവു കളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,27,57,721 | 16,22,72,000 |
| വാർഷിക കണക്കുകൾ പ്രകാരം | 3,38,81,624 | 3,19,83,900 |

ഇ.എഫ്.എം.എസ്. മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്., ബി ഫണ്ട്, എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 1.67 കോടി രൂപയുടേയും 1.99 കോടി രൂപയുടേയും വരവ് ചെലവുകൾ, വരവ് ചെലവ് പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 30.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ചു. അപാകതകളൊന്നും ശ്രദ്ധയിൽ പെട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16,64,731 |
| വരവ് | 3,38,81,624 |
| ആകെ | 3,55,46,355 |
| ചെലവ് | 3,19,83,900 |
| നീക്കിയിരിപ്പ് | 35,62,455 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 61,69,081 | 61,69,081 | 61,69,081 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 29,28,080 | 29,28,080 | 29,28,080 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 7,000 | 7,000 | 7,000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 25,70,150 | 25,70,150 | 25,70,150 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 24,02,540 | 24,02,540 | 24,02,540 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 37,02,583 | 37,02,583 | 37,02,583 | 0 |

| | | | | | |
|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 0 | 19,34,316 | 19,34,316 | 19,34,316 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 144 | 48258815 | 67 | 21723650 | 71 | 46.52% |

ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 61.89 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശത മാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20,16,800 | 40,75,970 | 20,59,170 | +102.1 |
| നികുതിയേതര വരവുകൾ | 6,95,655 | 3,63,980 | 3,31,675 | -47.68 |
| മറ്റുവരവുകൾ | 59,120 | 47,080 | 12,040 | -20.36 |
| ആകെ | 27,71,575 | 44,87,030 | 17,15,455 | +61.89 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72,480 | 48 |
| കർഷകത്തൊഴിലാളി പെൻഷൻ | 33,13,700 | 383 |
| വിധവാപെൻഷൻ | 47,80,600 | 486 |
| വാർദ്ധക്യകാല പെൻഷൻ | 99,91,300 | 953 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 13,81,300 | 160 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 4,32,200 | 45 |

| | | |
|---|---|---|
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 80,000 | 3 |

ദേശീയ തൊഴിലുറപ്പ് പദ്ധതി-വിശകലനം

ദേശീയ തൊഴിലുറപ്പ് പദ്ധതി പദ്ധതിയിൻ കീഴിൽ 2016-17 വർഷം 2303 പേർക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 898 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 961 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. 2016-17 വർഷം 46379 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 195 പദ്ധതി വിഭാവനം ചെയ്യുകയും 195പദ്ധതികൾക്കും സാങ്കേതികാനുമതി ലഭിക്കുകയും, സാങ്കേതികാനുമതി ലഭിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കുകയും ചെയ്തു. കിണറുകളുടെയും തോടുകളുടെയും പുനരുദ്ധാരണം, കിണറുകൾ, കയ്യാലകൾ, കുളങ്ങൾ എന്നിവയുടെ നിർമാണം എന്നിവയാണ് നടപ്പിലാക്കിയ പ്രവൃത്തികൾ. വരവ് ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1,366 |
| വരവ് | 8,66,944 |
| ഇ.എഫ്.എം.എസ്. | 1,67,33,290 |
| ആകെ | 1,76,01,600 |
| ചെലവ് | 1,75,93,504 |
| നീക്കിയിരിപ്പ് | 8,096 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.7.2017 തീയതിയിൽ 3 പി.എം.-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2826/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും ഡ്യൂട്ടി രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വാടക, ലേലം രജിസ്റ്ററുകളും അനുബന്ധ ഫയലുകളും കൃത്യമായി തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പൂർണമായി നടത്തിയിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2017 | 06/2017 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2016-08.02.2016 | 2010-11മുതൽ 2014-15വരെ | 06.3.2016 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡി&ഒ ലൈസൻസ് ക്രമ നം., ഉടമയുടെ പേര് | സ്ഥാപനത്തിന്റെ ഉദ്ദേശ്യം | ജീവനക്കാരുടെ എണ്ണം (ഡി&ഒ അപേക്ഷ പ്രകാരം) |
|---|---|---|---|
| (i) | 56,സ്മിത രഘു, അമൃതം ഫുഡ് | അമൃതം പൊടി ഉല്പാദനവും വിതരണവും | 6 |
| (ii) | 70, സതീഷ് എൻ.കെ. നാരായണ മന്ദിരം | പെട്രോൾ പമ്പ് | 6 |
| (iii) | 72, ജോഷി പൌലോസ് | ഇന്നർ ഗാർമെന്റ്സ് നിർമാണവും വിൽപനയും | 2 |
| (iv) | 73, ജേക്കബ് കുര്യൻ, | ലിക്വിഡ് ക്ലീനേഴ്സ് നിർമാണം | 2 |
| (v) | 74, അനി. പി. നാരായണൻ | പായ്ക്കിംഗ് കവർ,ഗ്ലൌസ് സ്റ്റോക്ക് നിർമാണവും വിൽപനയും | 4 |
| (vi) | 154, ശിവൻ കെ.കെ, വാസ്തു ഭാരതി സ്റ്റോൺ ആർട്സ് | ശിൽപ നിർമാണം | 4 |
| (vii) | 160, വി.എസ്. ചാക്കോച്ചൻ, | സോമിൽ, ഫർണിച്ചർ നിർമാണം | |

2. പഞ്ചായത്തിന്റെ പരിധിയിൽ 4 ക്ഷീരോദ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

(എ) രാമമംഗലം ക്ഷീരോല്പാദക സഹകരണ സംഘം കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ലിമിറ്റഡ് നം. ഇ-208 D(ആപ്കോസ്)

(ബി) മാമ്മലശേരി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഇ-235D(ആപ്കോസ്)

(സി) ഊരമന ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഇ-233D(ആപ്കോസ്)

(ഡി) നെട്ടൂപ്പാടം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഇ-324D(ആപ്കോസ്)

തനതു വരുമാനം താരതമ്യേന കുറവായ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ

സ്ഥാപനങ്ങളെയും അതിലെ ജീവനക്കാരെയും തൊഴിൽ നികുതിയുടെ പരിധിയിലേക്കു വരുത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ 4 ക്ഷീരോദ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ഡി &ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. പാൽ-പാൽ ഉൽപന്നങ്ങൾ, സംഭരണം, വിൽപന എന്നിവ, കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും നിബന്ധനകൾക്കു വിധേയമായുമല്ലാതെ പഞ്ചായത്ത് പ്രദേശത്തുള്ള ഇത്തരത്തലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. പ്രസ്തുത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1.രാമമംഗലം ക്ഷീരോല്പാദക സഹകരണ സംഘം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. ഇ-208 D(ആപ്കോസ്)

2.മാമ്മലശേരി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.ഇ-235D(ആപ്കോസ്)

3.ഊരമന ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.ഇ-233D(ആപ്കോസ്)

4.നെട്ടൂപ്പാടം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.ഇ-324D(ആപ്കോസ്)

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും അപേക്ഷയും മതിയായ രേഖകളും സമർപ്പിക്കുന്നുണ്ടെന്നും സെക്രട്ടറിയുടെ അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 2-3 വാടക, ലേലം രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

പഞ്ചായത്തിന്റെ വാടക, ലേലം ഇനത്തിലുള്ള വരവ് പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(എ) പഞ്ചായത്ത് മാർക്കറ്റിലുള്ള സ്ഥലത്ത് 12 ലക്ഷം രൂപ ചെലവഴിച്ച് കൊപ്ര ഡ്രയർ യൂണിറ്റിനായി കെട്ടിടം നിർമിച്ചു നൽകിയിട്ടുണ്ട്. എറണാകുളം നാളികേര ഫെഡറേഷനു കീഴിൽ അഫിലേറ്റ് ചെയ്തിട്ടുള്ള രാമമംഗലം നാളികേര ഫെഡറേഷനു വേണ്ടിയാണ് പ്രസ്തുത സ്ഥലം വിട്ടു നൽകിയിരിക്കുന്നത്. (വാർഡ് 11/121A). 1-11-2014 മുതൽ 11 മാസത്തേക്ക് പ്രതിമാസം 2000 രൂപ നിരക്കിലാണ് കെട്ടിടം നൽകിയിരിക്കുന്നത്. എന്നാൽ 2016-17 വർഷകാലയളവിലും ഇതേ വാടകയ്ക്കാണ് കെട്ടിടം നൽകിയിരിക്കുന്നത്. എഗ്രിമെന്റ് പുതുക്കിയതിന്റെ വിവരങ്ങളൊന്നും ലഭ്യമല്ല. വാടക കാലോചിതമായി പുതുക്കി ഈടാക്കുന്നതിനും ബന്ധപ്പെട്ട ഫെഡറേഷനുമായി കരാർ വെയ്ക്കേണ്ടതുമാണ്.

(ബി) വാടക രജിസ്റ്ററിൽ നിലവിൽ പഞ്ചായത്തിൽ നിന്ന് വാടകയ്ക്ക് നൽകുന്ന മുറികളുടെ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(സി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറിന് (12/129) വാടകയില്ലാതെ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ആയതു സംബന്ധിച്ചുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ എത്ര വർഷത്തേക്കാണ് മുറി വാടക രഹിതമായി നൽകിയിരിക്കുന്നതെന്നോ ഉള്ള വിവരങ്ങളൊന്നും ര വിവരങ്ങളൊന്നും രജിസ്റ്ററിലും ഫയലിലും സൂക്ഷിച്ചിട്ടില്ല / രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ വാടക രജിസ്റ്ററിൽ എല്ലാ മുറികളുടെയും വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

## 2-4 ഷട്ടിൽ കോർട്ട് നടത്തിപ്പവകാശം - വിശദ വിവരം ലഭ്യമാക്കണം

ഗ്രാമ പഞ്ചായത്തിലെ കടവ് ബസ് സ്റ്റാൻഡിനു സമീപത്തുള്ള ഷട്ടിൽ കോർട്ടിന്റെ 2016-17 ലെ നടത്തിപ്പവകാശം നൽകിയിരിക്കുന്നത് രാമമംഗലം ഷട്ടിൽ ക്ലബിനാണ്. നടത്തിപ്പവകാശം നൽകിയത് സംബന്ധിച്ച് ഓഡിറ്റിന്റെ നിഗമനങ്ങൾ താഴെ ചേർക്കുന്നു. അപാകതകൾ/ നിഗമനങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 17.07.2017 ന് ഓഡിറ്റ് എൻക്വയറി (നം.7) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ക്ലബിന്റെ നടത്തിപ്പവകാശം കൈമാറി പഞ്ചായത്തും രാമമംഗലം ഷട്ടിൽ ക്ലബും തമ്മിൽ കരാർ ഉടമ്പടി ഒപ്പ് വെച്ചിട്ടുണ്ട് (കരാർ നം ഇല്ല തീയതി 17.03.2017). എന്നാൽ ഷട്ടിൽ കോർട്ടിന്റെ റൂഫിംഗ് സംബന്ധിച്ച് സിക്രട്ടറി ഷട്ടിൽ ക്ലബ് രാമമംഗലം 17.03.2017 ൽ ഒരു കത്ത് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. റൂഫിംഗിന് ആവശ്യമായ ചെലവ് പഞ്ചായത്തിന് വകയിരുത്താൻ സാധിക്കാത്തതിനാൽ എം.എൽ.എ. ഫണ്ട് വകയിരുത്താൻ അനുവദിക്കണം എന്നാവശ്യപ്പെട്ടാണ് കത്ത് നൽകിയിരിക്കുന്നത്. യഥാർത്ഥത്തിൽ ക്ലബിന്റെ നടത്തിപ്പവകാശം പഞ്ചായത്ത് ആർക്കാണ് കൈമാറിയിരിക്കുന്നതെന്ന് വ്യക്തമല്ല.

2. പഞ്ചായത്തും രാമമംഗലം ഷട്ടിൽ ക്ലബും തമ്മിൽ 17.03.2017 നാണ് 2016 ഒക്ടോബർ ഒന്നാം തീയതി മുതൽ 2017 സെപ്റ്റമ്പർ വരെയുള്ള നടത്തിപ്പവകാശം നൽകി കരാർ ഉടമ്പടി ഒപ്പ് വെച്ചിട്ടുള്ളത്. കരാർ തീയതിയിലെ അപാകത സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

3. കരാർ ഉടമ്പടി പ്രകാരം പഞ്ചായത്ത് കാലാകാലങ്ങളിൽ നിശ്ചയിച്ച നൽകുന്നതിൽ കൂടാത്ത ഒരു സംഖ്യ രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതും വരവ് ചെലവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത് സംബന്ധിച്ച യാതൊരു രേഖകളുടേയും വരവ് ചെലവ് കണക്കുകൾ പഞ്ചായത്ത് പരിശോധിക്കുന്നില്ല.

4. ഇതര വർഷങ്ങളിൽ പഞ്ചായത്ത് നടത്തിപ്പവകാശം നൽകിയിരുന്നത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് കാർ പാർക്കിംഗ് ഏരിയ പരിഗണിക്കുന്നില്ല.

പഞ്ചായത്ത് പെർമിറ്റ് ഫീസ് ഈടാക്കുമ്പോൾ പാർക്കിംഗ് ഏരിയ ഒഴിവാക്കിയാണ് പെർമിറ്റ് ഫീസ് ഈടാക്കുന്നത്. ഓഡിറ്റ് എൻക്വയറി (നം. 2/16.07.2017) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം കുറവ് വന്ന 363 രൂപ രസീത് നം 117020100775,117020100776/18.07.2017 പ്രകാരം അടവാക്കി. കാർ പാർക്കിംഗ് ഉൾപ്പെടുയുള്ള വിസ്തീർണ്ണം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഉൾപ്പെടുത്തേണ്ടതി (ഷെഡ്യൂൾ II, കേരള പഞ്ചായത്ത് രാജ് പെർമിറ്റ് റൂൾസ് 2011) പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ടെണ്ടർ അപാകത -26100രൂപ നഷ്ടം

പഞ്ചായത്ത് ഫർണിച്ചറുകൾ വാങ്ങിയപ്പോൾ കുറഞ്ഞ ടെണ്ടർ തുക രേഖപ്പെടുത്തിയ ഫർണിച്ചർ വാങ്ങാതിരുന്നതിനാൽ 26,100/- രൂപയുടെ നഷ്ടം സംഭവിച്ചു. വിവിധ പ്രൊജക്ടുകളിലായി ഇപ്രകാരം നഷ്ടം വന്നതിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :-

(എ)പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

| | |
|---|---|
| പ്രൊജക്ട് നം/ പേര് | S 0077/17 |
| അംഗീകാരം | SCDP 33/16 തീയതി 06/09/2016 |
| അടങ്കൽ | വികസന ഫണ്ട് - 204000/-<br>തനത് ഫണ്ട് -2500/-<br>ആകെ - 206500/- |
| ചെലവ് | 1)178500രൂപ ട്രഷറി ബിൽ നം 7/16-17/8.3.17<br>2)25500 രൂപ,ട്രഷറി ബിൽ നം 16/16-17/28.3.17<br>3)2500 രൂപ ചെക്ക് നം 633602/24.03.20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

നാല് ടെണ്ടറുകളാണ് താഴെ പറയും പ്രകാരം മേശ, കസേര വിതരണത്തിന് ലഭിച്ചത്.

| ക്രമ നം | സ്ഥാപനം | മേശ വില | കസേര വില | ആകെ | പരാമർശം |
|---|---|---|---|---|---|
| (i) | സീക്കോ ഫർണിച്ചർ മൂവാറ്റുപുഴ | 2400 | 1150 | 3550 | |
| (ii) | ഗുരു സ്റ്റീൽ ഫർണിച്ചർ കോതമംഗലം | 2650 | 1050 | 3700 | പ്രിലിമിനറി എഗ്രിമെന്റ് വെക്കാത്തിതിനാൽ പരിഗണിച്ചില്ല. |
| (iii) | സിയോൺ ഏജൻസീസ് തൃപ്പൂണിത്തുറ | 2050 | 1450 | 3500 | |
| (iv) | റോയൽ ഫർണിച്ചർ അങ്കമാലി | 4250 | 1940 | 6190 | |

പരിഗണിച്ച ടെണ്ടറുകളിൽ കസേരയുടെ വില ഏറ്റവും കുറവ് രേഖപ്പെടുത്തിയത് സീക്കോ ഫർണിച്ചർ മൂവാറ്റുപുഴയാണ്. എന്നാൽ മേശയുടെ വില കുറവ് രേഖപ്പെടുത്തിയ സിയോൺ ഏജൻസീസ് തൃപ്പൂണിത്തുറയിൽ നിന്ന് തന്നെയാണ് 08.02.2017 ലെ VI ാം നം കമ്മറ്റി തീരുമാന പ്രകാരം കസേരയും വാങ്ങിയത്.

താഴെ പറയും പ്രകാരം 59 കസേരകളാണ് വാങ്ങിയത്.

| ക്രമ നം | ബിൽ നം | എണ്ണം | തുക |
|---|---|---|---|
| (i) | 16/3/3/17<br>സിയോൺ ഏജൻസീസ് | 51 | 73950 |
| (ii) | 25/21/3/17<br>സിയോൺ ഏജൻസീസ് | 8 | 11600 |

| | |
|---|---|
| ആകെ | 85550 |

രണ്ട് സ്ഥാപനങ്ങളും ഒരേ സ്പെസിഫിക്കേഷനുള്ള സ്റ്റീൽ കുഷ്യൻഡ് കസേരയുടെ വിലയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണനിലവാരം സംബന്ധിച്ച അപാകതകൾ ഒന്നും ഫയലിലും, കമ്മറ്റി തീരുമാനത്തിലും രേഖപ്പെടുത്തിയിട്ടില്ല.59കസേരകൾക്ക് സീക്കോ ഏജൻസീസിന്റെ ടെണ്ടർ പ്രകാരം വില 67850 ആണ്. ഒരേ നിലവാരമുള്ള കസേരകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കാതിരുന്നതിനാൽ 17700 രൂപ(85550 - 67850) നഷ്ടം സംഭവിച്ചു.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

| | |
|---|---|
| പ്രൊജക്ട് നം/ പേര് | S 0055/17 (സ്പിൽ ഓവർ)<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | 200000/-വികസന ഫണ്ട് ( എസ് സി പി ) |
| ചെലവ് | ട്രഷറി ബിൽ നം 3/16-17/24.12.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,ഗവ: എൽ പി സ്കൂൾ, രാമമംഗലം |

നാല് ടെണ്ടറുകളാണ് താഴെ പറയും പ്രകാരം മേശ, കസേര വിതരണത്തിന് ലഭിച്ചത്.

| ക്രമ നം | സ്ഥാപനം | മേശ വില | കസേര വില | പരാമർശം |
|---|---|---|---|---|
| (i) | എറണാകുളം ജില്ലാ സഹകരണ സംഘം | 2700 | 1250 | നികുതികൾ ഉൾപ്പെടെ |
| (ii) | ഒളിംപിയ എഞ്ചിനീയേർസ്, കോട്ടയം | 3978 | 1650 | . |
| (iii) | സിയോൺ ഏജൻസീസ് തൃപ്പൂണിത്തുറ | 2090 | 1400 | നികുതികൾ ഉൾപ്പെടെ |
| (iv) | ആദിത്യഇൻഡസ്ട്രീസ്, കലവൂർ | 2600 | 1870 | ഇ എം ഡി വെക്കാത്തിതിനാൽ പരിഗണിച്ചില്ല |

കസേരക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് എറണാകുളം ജില്ലാ സഹകരണ സംഘമാണ്. എന്നാൽ കസേരയും മേശയും വാങ്ങിയത് സിയോൺ ഏജൻസീസ് തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിൽ നിന്നാണ്.

താഴെ പറയും പ്രകാരമാണ് കസേരകളാണ് വാങ്ങിയത്.

| ക്രമ നം | ബിൽ നം | എണ്ണം | തുക |
|---|---|---|---|
| (i) | 05/21.10.2016<br>സിയോൺ ഏജൻസീസ് | 52 | 72800<br>ഡി ഡി നം 579156/20.12.2016 |

രണ്ട് സ്ഥാപനങ്ങളും ഒരേ സ്പെസിഫിക്കേഷനുള്ള സ്റ്റീൽ കസേരയുടെ വിലയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണനിലവാരം സംബന്ധിച്ച അപാകതകൾ ഒന്നും ഫയലിലും, കമ്മറ്റി തീരുമാനത്തിലും രേഖപ്പെടുത്തിയിട്ടില്ല. 52കസേരകൾക്ക് എറണാകുളം ജില്ലാ സഹകരണ സംഘത്തിന്റെ ടെണ്ടർ പ്രകാരം വില 65000 ആണ്. ഒരേ നിലവാരമുള്ള കസേരകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കാതിരുന്നതിനാൽ 7800 രൂപ (72800- 65000) നഷ്ടം സംഭവിച്ചു.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും

| | |
|---|---|
| പ്രൊജക്ട് നം | S 0078/17 |

| | |
|---|---|
| അംഗീകാരം | 123/16-17 തീയതി 03/09/2016<br>ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് - 19050/-<br>തനത് ഫണ്ട് -950/-<br>ആകെ - 20000/- |
| ചെലവ് | 7000 രൂപ<br>ട്രഷറി ബിൽ നം 8/16-17/8.3.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

നാല് ടെണ്ടറുകളാണ് താഴെ പറയും പ്രകാരം മേശ, കസേര വിതരണത്തിന് ലഭിച്ചത്.

| ക്രമ നം | സ്ഥാപനം | മേശ വില | കസേര വില | ആകെ | പരാമർശം |
|---|---|---|---|---|---|
| (i) | സീക്കോ ഫർണിച്ചർ മൂവാറ്റുപുഴ | 2400 | 1150 | 3550 | |
| (ii) | ഗുരു സ്റ്റീൽ ഫർണിച്ചർ കോതമംഗലം | 2650 | 1050 | 3700 | പ്രിലിമിനറി എഗ്രിമെന്റ് വെക്കാത്തിതിനാൽ പരിഗണിച്ചില്ല. |
| (iii) | സിയോൺ ഏജൻസീസ് തൃപ്പൂണിത്തുറ | 2050 | 1450 | 3500 | |
| (iv) | റോയൽ ഫർണിച്ചർ അങ്കമാലി | 4250 | 1940 | 6190 | |

പരിഗണിച്ച ടെണ്ടറുകളിൽ കസേരയുടെ വില ഏറ്റവും കുറവ് രേഖപ്പെടുത്തിയത് സീക്കോ ഫർണിച്ചർ മൂവാറ്റുപുഴയാണ്. എന്നാൽ മേശയുടെ വില കുറവ് രേഖപ്പെടുത്തിയ സിയോൺ ഏജൻസീസ് തൃപ്പൂണിത്തുറയിൽ നിന്ന് തന്നെയാണ് 08.02.2017 ലെ VI ാം നം കമ്മറ്റി തീരുമാന പ്രകാരം കസേരയും വാങ്ങിയത്.
താഴെ പറയും പ്രകാരം 2കസേരകളാണ് വാങ്ങിയത്.

| ക്രമ നം | ബിൽ നം | തുക |
|---|---|---|
| (i) | 17/3/3/17<br>സിയോൺ ഏജൻസീസ് | 2900 |

രണ്ട് സ്ഥാപനങ്ങളും ഒരേ സ്പെസിഫിക്കേഷനുള്ള സ്റ്റീൽ കുഷ്യൻഡ് കസേരയുടെ വിലയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണനിലവാരം സംബന്ധിച്ച അപാകതകൾ ഒന്നും ഫയലിലും, കമ്മറ്റി തീരുമാനത്തിലും രേഖപ്പെടുത്തിയിട്ടില്ല. 2 കസേരകൾക്ക് സീക്കോ ഏജൻസീസിന്റെ ടെണ്ടർ പ്രകാരം വില 2300 ആണ്. ഒരേ നിലവാരമുള്ള കസേരകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കാതിരുന്നതിനാൽ 600 രൂപ (2900 - 2300) നഷ്ടം സംഭവിച്ചു.
ഇപ്രകാരം ടെണ്ടർ സ്വീകരിച്ചതിലെ അപാകത മൂലം 26100 രൂപ നഷ്ടം വന്നത് സംബന്ധിച്ച് 16.07.2017, 17.07.2017 തീയതികളിൽ നൽകിയ 1, 3, 5 നമ്പർ എൻക്വയറികളിൽ 1, 3 എന്നിവക്ക് മറുപടി നൽകി. ആയതിൽ മേശയും കസേരയും ഒരു യൂണിറ്റായി പരിഗണിച്ചതിനാലാണ് ഇപ്രകാരം ഒരു ഏജൻസിയിൽ നിന്ന് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ 06.02.2017ലെ യോഗ തീരുമാന പ്രകാരം വാങ്ങിയതെന്ന് അറിയിച്ചു. കൂടാതെ രണ്ട് ഏജൻസികളിൽ നിന്ന് വാങ്ങിയാൽ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്നും അറിയിച്ചു. സിയോൺ ഏജൻസീസിന്റെ കസേര മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയതെന്നും അറിയിച്ചു. പഞ്ചായത്തിന്

ധനനഷ്ടം സംഭിവക്കാതിരിക്കുവാൻ സീക്കോ ഫർണിച്ചറിനോടും കസേര പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതും നെഗോഷിയേഷൻ ചെയ്യാവുന്നതുമായിരുന്നു. ഇക്കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല. 26100 രൂപയുടെ (17700 + 7800 + 600) അധികച്ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് നിധിയിൽ ഒടുക്കേണ്ടതാണ്.

## 3-2 ബില്ലിലെ അപാകത – നികുതിയിനത്തിൽ 1992 രൂപ അധികം നൽകി.

പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചറുകൾ വാങ്ങിയപ്പോൾ ബില്ലിലെ അപാകത മൂലം 1992 രൂപ അധികം നൽകി. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം / പേര് | S 0011/17<br>പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ (ബഹുവർഷ പ്രൊജക്ട്) |
| അംഗീകാരം | 111/RMG/AEE/LSGD/PKDA/07/092016<br>അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | വികസന ഫണ്ട് - 372574/-<br>തനത് ഫണ്ട് 1427426/-<br>ആകെ - 1800000/- |
| ചെലവ് | 960688 രൂപ (2016-17ലെ ചെലവ്)<br>ട്രഷറി ബിൽ നം 14/17-17/7.3.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഫർണിച്ചറുകൾ ആലുവയിലെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിൽ (FIT) നിന്നാണ് വാങ്ങിയിട്ടുള്ളത്.ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം | തുക |
|---|---|---|
| (i) | 67/15-16/12.05.2015 | 1,50,195 |
| (ii) | 77/15-16/12.05.2015 | 6,17,003 |
| (iii) | 81/15-16/12.05.2015 | 2,17,195 |
| (iv) | 84/15-16/12.05.2015 | 2,63,012 |
| (v) | 87/15-16/12.05.2015 | 2,14,452 |
| (vi) | 111/15-16/12.05.2015 | 3,27,977 |
| | ആകെ | 17,89,834 |

ബില്ലിൽ ഫർണ്ണിച്ചറിന്റെ വില കൂടാതെ ലോഡിംഗ് ചാർജ്, എക്സൈസ് ഡ്യൂട്ടി,വാറ്റ്,ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ബില്ലിലും ലോഡിംഗ് ചാർജ് 1150/- ഉൾപ്പെടെയുള്ള തുകയ്ക്കാണ് എക്സൈസ് ഡ്യൂട്ടിയും വാറ്റും കണക്കാക്കിയത്. ഇതു മൂലം അധികത്തുക നൽകാനിടയായി. ഉദാഹരണമായി, ക്രമ നമ്പർ 1ലെ ബില്ലിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഫർണിച്ചർ വില | 1,13,400 |
| ലോഡിംഗ് ചാർജ് | 1,150 |
| തുക | 1,14,550 |

| | |
|---|---|
| എക്സൈസ് ഡ്യൂട്ടി@12.5% | 14,319 |
| തുക | 1,28,869 |
| വാറ്റ്@14.5% | 18,686 |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | 2,640 |
| തുക | 1,50,195 |

ലോഡിംഗ് ചാർജ് ഉൾപ്പെട്ട തുകയിൻമേൽ നികുതികൾ കണക്കാക്കിയതിനാൽ താഴെ പറയും പ്രകാരം അധിക തുക നൽകി.

| | | |
|---|---|---|
| എക്സൈസ് ഡ്യൂട്ടി അധികം നൽകിയത് | 1150ന്റെ12.5% | 144രൂപ |
| വാറ്റ് അധികം നൽകിയത് | 1150ന്റെ14.5% | 167രൂപ |
| | 144ന്റെ14.5% | 21രൂപ |
| ആകെ അധികം | | 332രൂപ |

ഇപ്രകാരം 6 ബില്ലുകളിൽ നിന്ന് അധികം നൽകിയ 1992 രൂപ (332X6) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക എഫ്.ഐ.ടി.-യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-3 മാർഗ്ഗരേഖാ ലംഘനം - 198798/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ്കൂൾ വിദ്യാർഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് 2016-17 ൽ പ്രൊജക്ട് നടപ്പാക്കി. പ്രസ്തുത പ്രൊജക്ട് സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | എസ് 0057/17 |
| പ്രൊജക്ടിന്റെ പേര് | സ്കൂൾ വിദ്യാർഥികൾക്ക് കായിക പരിശീലനം |
| അംഗീകാരം | 2-R/5/9/16<br>അസിസ്റ്റന്റ് എഡ്യൂക്കേഷൻ വിദ്യാഭ്യാസ ഓഫീസർ |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട്) |
| ചെലവ് | 198798/- (ട്രഷറി ബിൽ നം 7/16-17/24.03.2017) |

1. 16.11.2013-ലെസ.ഉ.(അ)362/2013/ ത.സ്വ.ഭ.വ പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ കായിക പരിശീലനത്തിനായി തുക ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടില്ല. മാർഗരേഖയിൽ നിർദ്ദേശിക്കാത്ത ഇനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.
2.തൻവർഷം ഈ പ്രോജക്ടിനായി നടത്തിയ വിവിധയിനം ചെലവുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| ഭക്ഷണ ചെലവ് | 97500/-<br>ബാങ്ക് ട്രാൻസ്ഫർ അക്കൗണ്ട് നം<br>67125144592 | ബേബി ജേക്കബ്,<br>ബേബീസ് കേറ്ററിംഗ് |
| സ്പോർട്ട്സ് ഐറ്റംസ് | 54198/-<br>ബാങ്ക് ട്രാൻസ്ഫർ അക്കൗണ്ട് നം | എ.ആർ.കെ. സ്പോർട്ടിംഗ് ഐറ്റംസ് |

| | | |
|---|---|---|
| | 0676073000000024 | |
| ജേഴ്സി | 47100/-<br>ബാങ്ക് ട്രാൻസ്ഫർ അക്കൗണ്ട് നം<br>7477002100000259 | റിച്ച ഗാർമെന്റ്സ് |

പരിശീലനം സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

(എ) പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം.
(ബി) പരിശീലനം നൽകിയ ദിവസങ്ങൾ.
(സി) പരിശീലനം നൽകിയ ഇനങ്ങൾ.
(ഡി) ഹാജർ സംബന്ധിച്ച രേഖകൾ

ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 17.07.2017ന് ഓഡിറ്റ് എൻക്വയറി (നം 6) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സബ് സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ട് നടപ്പാക്കിയതിനാലും അവശ്യരേഖകളുടെ അഭാവത്താലും 198798/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 തുക ഒടുക്കിയിട്ടും മരുന്ന് ലഭ്യമായിട്ടില്ല.

2016-17 വർഷത്തിൽ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 200000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഇതുവരെ മരുന്ന് ലഭിച്ചിട്ടില്ല. ചെലവ് വിവരം താഴെപ്പറയും പ്രകാരമാണ് :-

പ്രോജക്ട് നം. - S00 39/17
പ്രോജക്ടിന്റെ പേര്- ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ - 200000
ചെലവ് - 200000
ബിൽ നം. -1/16-17/10.2.17

വിശദവിവരം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/18.7.17) ലഭിച്ച മറുപടിയിൽ മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നു ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവ് തുക 200000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 രേഖകൾ ലഭ്യമാക്കിയില്ല - 9,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പത്താം തരം തുല്യത പരീക്ഷക്ക് പരിശീലനം നൽകുന്നതിന് പഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്ടാണ് അതുല്യം. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് | പത്താം തരം തുല്യത ഫീസ് |
| പ്രൊജക്ട് നം. | S0058/17 |
| അടങ്കൽ | 15000/- |
| ചെലവ് | 9200/- |
| ബിൽ നം. | 06/16-17, തീ. 24/03/17 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ, ഗവ.എൽപിഎസ്, രാമമംഗലം |

പ്രൊജക്ടിന്റെ ഭാഗമായി 6 കുട്ടികളുടെ ഫീസിനത്തിൽ സാക്ഷരതാ മിഷന് ബാങ്ക് ട്രാൻസ്ഫർ മുഖേന (അക്കൗണ്ട് നം 57026996123) നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾക്ക് പരിശീലനം നൽകിയതിന്റെയോ, അവർ പരീക്ഷ എഴുതിയതിന്റെയോ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്

17.07.2017ന് ഓഡിറ്റ് എൻക്വയറി (നം.6) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അവശ്യ രേഖകളുടെ അഭാവത്തിൽ 9,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വേതനം തിരിച്ചടച്ചവ് - അപാകത

പ്രോജക്റ്റ് നം. - S08/17
പ്രോജക്റ്റിന്റെ പേര് – ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തകർക്കും ആയയ്ക്കും വേതനം.
അടങ്കൽ - 163200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് - 1,18,800/-

2016-17 സാമ്പത്തിക വർഷത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റിൽ ധനകാര്യകമ്മീഷൻ ഗ്രാന്റായി 1,18,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്ററിലെ 'ആയ' അധിക വേതനമായി ആയ വാങ്ങിയ 8400/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ തിരിച്ചടക്കുന്നതിനു പകരം തനതുഫണ്ടിലാണ് (രസീത് നം. 11602103867 / 10.3.2017) തിരിച്ചടച്ചടച്ചിട്ടുള്ളത്. ഇപ്രകാരം തനതു ഫണ്ടിലേക്ക് അടവാക്കിയ തുക തിരികെ ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് തിരിച്ചവടവാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം | നിർവഹണം | ചെക് നം.,ബിൽനം, തുക | തുക |
|---|---|---|---|---|
| (i) | SO 142/17<br>പി.എം.എ.വൈ | വി.ഇ.ഒ | അക്കൗണ്ട് ട്രാൻസ്ഫർ | 2,00,000 |
| (ii) | SO 67/17<br>ഐ.എ.വൈ | വി.ഇ.ഒ | അക്കൗണ്ട് ട്രാൻസ്ഫർ | 1,18,500 |
| (iii) | 139/17<br>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | ബിൽ നം. 25/17 തീയതി 28.03.2017 | 5,16,000 |
| ആകെ | | | | 83,45,000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ 83,45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ – ഇ.എം.ഡി., ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

2016-17 വർഷത്തിൽ പഞ്ചായത്തിൽ 18മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഇതിന്റെ വിവരം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.16/19.7.17) നല്കിയ മറുപടിയിൽ ഇവ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഇതിന്റെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | കരാറുകാരൻ | ടെണ്ടർ ഫീസ് |
|---|---|---|---|---|
| (i) | കാവുമ്പുറക്കാലത്താഴം-വാരണ്ടകം പാടം റോഡ് റീടാറിംഗ് | 500000 | സജി ചെറിയാൻ | 1050 |
| (ii) | പതിക്കൽ കരിമ്പനത്തടം റോഡ് | 270000 | കെ.വി.രാജു | 630 |
| (iii) | കുഴിപ്പിള്ളിക്കാവ്-കൈപ്പള്ളിക്കുന്നത്തുത്താഴം റോഡ് റീടാറിംഗ് | 435000 | സാജു സി.എസ് | 950 |
| (iv) | പൂതുക്കോൽ പൂമറ്റം റോഡ് റീടാറിംഗ് | 1025000 | ടോണി മാത്യു | 2630 |
| (v) | ഭണ്ഡാരരപ്പടി നന്ദിയേടത്തുത്താഴം ഐറിഷ് ഡ്രെയിൻ | 485000 | സജി ചെറിയാൻ | 1050 |
| (vi) | ശിവാലി സാൽവേഷൻ-കക്കേത്തു പതിക്കൽ റോഡ് റീടാറിംഗ് | 652000 | കെ.വി.രാജു | 1470 |
| (vii) | കണ്ടമക്കാവ് നടുക്കര മൂന്നു സെന്റ് കോളനി റോഡ് റീടാറിംഗ് | 600000 | സജി ചെറിയാൻ | 1260 |
| (viii) | വൈ.എം.സി.എ. നടുക്കര റോഡ് റീടാറിംഗ് | 610000 | സജി ചെറിയാൻ | 1370 |
| (ix) | അന്ത്യാൽ നിർമലഗിരി റോഡ് മെയിന്റനൺസ് | 1220000 | പ്രഹ്ളാദൻ. എം.ആർ | 2500 |
| (x) | ചൊക്കാലി ത്താഴം-നച്ചേരിത്താഴം റോഡ് ഡ്രെയിൻ കൺട്രക്ഷൻ | 1240000 | ഷാജി വർഗീസ് | 2500 |
| (xi) | കുന്നിത്താഴം പള്ളിത്താഴം റോഡ് റീടാറിംഗ് | 765000 | വിനേഷ് കെ. ശങ്കർ | 1680 |
| (xii) | മെതിപ്പാറ തോട്ടാനിത്താഴം റോഡ് റീടാറിംഗ് | 1075000 | പ്രഹാളാദൻ എം.ആർ | 2500 |
| (xiii) | പള്ളിത്താഴം- ഇളമ്പാശേരി മണൽകടവ് റോഡ് റീടാറിംഗ് | 575000 | ടി.കെ. അലക്സാണ്ടർ | 1260 |
| (xiv) | പള്ളിത്താഴം -ഉടുമ്പനാട്-ത്രായിത്താഴം റോഡ് റീടാറിംഗ് | 505000 | ഷാജി വർഗീസ് | 1160 |
| (xv) | പുന്നേക്കാട് പ്രയാംപതി പതിക്കൽ റോഡ് റീടാറിംഗ് | 1220000 | ബാസിൽ കെ.ഡേവിഡ് | 2500 |
| (xvi) | പ്രൊട്ടക്ഷൻ ഓഫ് കിഴുമുറി മൂന്നു സെന്റ് കോളനി കളച്ചറൽ സെന്റർ | 600000 | ബാസിൽ കെ. ഡേവിഡ് | 1260 |
| (xvii) | കട്ടക്കാട്ടുതാഴം വരണ്ടകപ്പാടം റോഡ് ടാറിംഗ് | 500000 | ജിനേഷ് കെ. ശങ്കർ | 1050 |
| (xviii) | പബ്ലിക് ടോയിലറ്റ് -കിഴുമുറി കോളനി | 630000 | സി.കെ. പോൾ | 1370 |
| | ആകെ | | | 28190 |

ടെണ്ടർ ഫീ ഇനത്തിൽ 28190 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ

ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 127500 | 60/17 വികലാംഗ സ്കോളർഷിപ്പ് | 127500 |
| | 80000 | 41/17 ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 80000 |
| ജില്ലാ പഞ്ചായത്ത് | 85583 | 60/17 വികലാംഗ സ്കോളർഷിപ്പ് | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്, വിവരങ്ങൾ താഴെ കൊടുക്കുന്നു:-

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | S0139/17 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 5,16,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്. ഭവന നിർമാണം | സ.ഉ.നം. 530/2010 /ത.സ്വ.ഭ.വ | 1500000 | 121471 | 121471 | 0 |

| | | | | | |
|---|---|---|---|---|---|
| | /18.12.2010 | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ രജിസ്റ്റർ പ്രകാരം 85033 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14, 2014-15 | 2(1) | 250 | മധുസൂദനൻ, ഇലക്ട്രീഷൻ, ലിഫ്റ്റ് ഇറിഗേഷൻ രാമമംഗലം | 11602101084/ 18.8.16 |
| | 2(1) | 250 | ഇ.എസ്. മുഹമ്മദ്, ലിഫ്റ്റ് ഇറിഗേഷൻ | 11602101087/ 18.8.16 |
| | 2(1) | 250 | അനീഷ് മാത്യു | 11602101085/ 18.8.16 |
| | 3(10) | 11209 | കെ.എസ്. സുധാകരൻ എ.ഇ. എൽഎസ്ജിഡി | 11602101153/ 26.8.16 |
| | 3(11) | 23520 | കെ.എസ്. സുധാകരൻ എ.ഇ. എൽഎസ്ജിഡി | 11602101153/ 26.8.16 |
| | 3(12) | 30960 | കെ.എസ്. സുധാകരൻ എ.ഇ. എൽഎസ്ജിഡി | 11602101153/ 26.8.16 |
| 2015-16 | 2(1) | 3194 | സാജു.എൻ.യു. | 11602103641/ 28.2.17 |
| | 3(7) | 15400 | മണി ഒ.എൻ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11602103806/ 7.7.17 |
| | ആകെ | 85033 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| | നം | | |
| 2002-03 | 2006-07, 3.3 | പൊതുമേഖലാസ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12.3.13 ലെ എൽ.എഫ്. 3833/ പി.ടി.2/2013 നമ്പർ കത്ത് പ്രകാരം ഖണ്ഡിക ഒഴിവാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,38,81,624 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,19,83,900 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,092 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,42,498 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 17700 | പ്രസാദ് കെ.ആർ, അസി. സെക്രട്ടറി |
| 3-1 | --- | 600 | പ്രസാദ് കെ.ആർ, അസി. സെക്രട്ടറി |
| 3-1 | --- | 7800 | രവി. പി.സി.,ഹെഡ് മാസ്റ്റർ, എൽപിഎസ് |
| 3-2 | --- | 1992 | ദേവി, അസി. എഞ്ചിനീയർ |
| ആകെ | --- | 28092 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 198798 | രവി. പി.സി. ,ഹെഡ് മാസ്റ്റർ, എൽപിഎസ് |
| 3-4 | 200000 | അമൃത എം.സി.,മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-5 | 9200 | രവി. പി.സി. ,ഹെഡ് മാസ്റ്റർ, എൽപിഎസ് |
| 3-7 | 318500 | അനിൽ പി.എസ്., വി.ഇ.ഒ രാമമംഗലം |
| 3-7 | 516000 | എ.പി. ജയന്തകുമാർ, സെക്രട്ടറി |
| ആകെ | 1242498 | |

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.പി.ജയന്തകുമാർ, സെക്രട്ടറി | അവധിയിലാണ്. | അൽശകോടത്ത് മന, കാഞ്ഞിരമറ്റം പി.ഒ എറണാകുളം |
| പ്രസാദ് കെ.ആർ. അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കൈപ്പാഞ്ചേരി ഗ്രാമപഞ്ചായത്ത് | കൊള്ളിക്കാട്ടിൽ ഹൗസ്, പാമ്പാക്കുട പി.ഒ. |
| ദേവി<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ രാമമംഗലം | മൈത്രി<br>4-A ഭഗത് സിംഗ് റോഡ്<br>പേട്ട പി.ഒ<br>തിരുവനന്തപുരം |
| ഡോ. അമൃത, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), രാമമംഗലം | ശ്രീവത്സം, രാജധാനി അപ്പാർട്ട്മെന്റ് ,തൃപ്പൂണിത്തറ, എറണാകുളം |
| പി.സി.രവി , ഹെഡ് മാസ്റ്റർ, GLPS | ഹെഡ് മാസ്റ്റർ, GLPS,രാമമംഗലം | പുളിന്താനത്തിക്കുടി ഹൗസ്, രാമമംഗലം, എറണാകുളം |
| അനിൽ പി.എസ്., വി.ഇ.ഒ. രാമമംഗലം | വി.ഇ.ഒ<br>മഴവന്നൂർ | പുളിങ്കുന്നിൽ, പാമ്പാക്കുട, എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3)810/99/6.6.98 |
| 1997-98 | എൽ.എഫ്.ഇ.(പി.3)810/99/29.6.2000 |
| 1998-99 | എൽ.എഫ്.ഇ.(പി.3)1161/00/23.3.2001 |
| 2002-03 | എൽ.എഫ്.ഇ.(പി.3)1133/05/30.6.2006 |
| 2006-07 | എൽ.എഫ്.ഇ.(പി.1)1736/07/8.8.2008 |
| 2007-08 | എൽ.എഫ്.ഇ.(പി.3)1396/08/15.4.2009 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ.(പി.2)1295/1/15.12.2006 |
| 2011-12, 2012-13 | എൽ.എഫ്.ഇ.(പി.9) 697/14/26.06.2014 /25.08.2014 |
| 2013-14 & 2014-15 | എൽ.എഫ്.ഇ.(പി.9)961/2016/28.6.2016 |
| 2015-16 | നം. കെ. എസ്. എ.ഇ.കെ.എം. (പി9)2045/2016 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2012-17

നം.കെ.എസ്.എ.-ഇ.കെ.എം(പി.9)1485/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 11.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത്

രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.9)1485/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 11.09.2017

Certified that I have audited the Annual Financial Statement of RAMAMANGALAM Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of RAMAMANGALAM Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director